നം. ഇ. എസ്4 – 82412/2019/ആ.വ.ഡ

ആരോഗ്യവകുപ്പ് ഡയറക്ടറുടെ കാര്യാലയം

തിരുവനന്തപുരം, തീയതി: 31/12/2019

# നോട്ടീസ്

വിഷയം:– ആ.വ.ഡ – ആരോഗ്യവകുപ്പിലെ ജൂനിയർ അഡ്മിനിസ്ട്രേറ്റീവ് മെഡിക്കൽ ആഫീസർമാരുടെ 30/11/2019 വരെ കാലയളവിലെ അന്തിമ സീനിയോരിറ്റി പട്ടിക പുനർനിർണ്ണയിക്കുന്നതിനുള്ള നോട്ടീസ്.

സൂചന:– 1. ഉത്തരവ് നം. ഇ.എസ് 4 – 82412/2019/ആ.വ.ഡ തീയതി: 16/12/2019.

2. ഡോ. കാവ്യ കരുണാകരന്റെ 18/12/2019 ലെ അപ്പീൽ അപേക്ഷ.

3. ഡോ. നിധീഷ് ഐസക് സാമുവൽ 19/12/2019 ൽ അപ്പീൽ അപേക്ഷ.

**************************

ആരോഗ്യവകുപ്പിൽ 30/11/2019 വരെ ജൂനിയർ അഡ്മിനിസ്ട്രേറ്റീവ് മെഡിക്കൽ ആഫീസർമാരായി നിയമിക്കപ്പെട്ടവരുടെ അന്തിമ സീനിയോരിറ്റി പട്ടിക സൂചന 1 പ്രകാരം പ്രസിദ്ധീകരിച്ചിരുന്നു. എന്നാൽ ടി സീനിയോരിറ്റി പട്ടികയിൽ റാങ്ക് നം. 58 ആയി ഉൾപ്പെട്ട ഡോ. കാവ്യ കരുണാകരന്റെയും റാങ്ക് നമ്പർ 62 ആയി ഉൾപ്പെട്ട ഡോ. നിധീഷ് ഐസക് സാമുവലിന്റെയും ജോലിയിൽ പ്രവേശിച്ച തീയതി തെറ്റായി രേഖപ്പെടുത്തിയിരിക്കുന്നു എന്നും ആയത് പരിഹരിച്ച് അന്തിമ സീനിയോരിറ്റി പട്ടിക പുനർനിർണ്ണയിക്കുവാനും സൂചന 2, 3 പ്രകാരം അപേക്ഷ സമർപ്പിച്ചിരിക്കുന്നു.

ആയതിനാൽ ഡോ. കാവ്യ കരുണാകരന്റെയും ഡോ. നിധീഷ് ഐസക് സാമുവലിന്റെയും ജോലിയിൽ പ്രവേശിച്ച തീയതി പരിശോധിക്കുകയും ആയത് പരിഹരിച്ച് ഡോ. കാവ്യ കരുണാകരന്റെ നിലവിലെ റാങ്ക് നമ്പർ 58 റദ്ദ് ചെയ്ത് 50 **A** ആയും ഡോ. നിധീഷ് ഐസക് സാമുവലിന്റെ നിലവിലെ റാങ്ക് നമ്പർ 62 റദ്ദ് ചെയ്ത് 50 **B** ആയും പുനർ നിർണ്ണയിക്കുവാൻ താൽക്കാലികമായി തീരുമാനിച്ചിരിക്കുന്നു.

വിശദവിവരം ചുവടെ ചേർക്കുന്നു.

| Old Rank No | New Rank No | Name | Date of Birth | Date of Entry | Year of Option | Date of Placement | Remarks |
|---|---|---|---|---|---|---|---|
| 50 | 50 | Dr. Sulekha Rani R | 12-03-1968 | 25-11-2009 | 2019 | 22-03-2019 | |
| 58 | 50 A | Dr. Kavya Karunakaran | 17-11-1983 | 16-07-2010 | 2019 | 22-03-2019 | |
| 62 | 50 B | Dr. Nidhish Issac Samuel | 27-04-1982 | 28-03-2011 | 2019 | 22-03-2019 | |
| 51 | 51 | Dr. Anupkumar T N | 11-01-1985 | 20-04-2012 | 2019 | 22-03-2019 | |

ഈ നോട്ടീസിൻമേൽ ആർക്കെങ്കിലും പരാതി ഉണ്ടെങ്കിൽ ആയത് ഈ നോട്ടീസ് പ്രസിദ്ധീകരിച്ച് 15 ദിവസത്തിനകം രേഖാമൂലമോ ഇ–മെയിൽ (essectiondhs@gmail.com) മുഖേനയോ ഉചിത മാർഗേന ഈ ആഫീസിൽ ലഭ്യമാക്കേണ്ടതാണ്. അല്ലാത്തപക്ഷം പ്രസ്തുത നടപടിയിൽ ആക്ഷേപങ്ങളൊന്നുമില്ലായെന്ന നിഗമനത്തിൽ അന്തിമ തീർപ്പ് കൽപ്പിക്കുന്നതാണ്.

(ഒപ്പ്)

ഡോ. സരിത ആർ എൽ

ആരോഗ്യവകുപ്പ് ഡയറക്ടർ

പകർപ്പ്:–

1. എല്ലാ ജില്ലാ മെഡിക്കൽ ആഫീസർമാർക്കും
2. ആരോഗ്യവകുപ്പ് ഡയറക്ടറുടെ വെബ്സൈറ്റ്.
3. ഫയൽ / കരുതൽ ഫയൽ.

//അംഗീകാരത്തോടെ//

//സൂപ്രണ്ട്//